# പതിനാലാം കേരള നിയമസഭ
## ഏഴാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2092** 16.08.2017-ൽ മറുപടിയ്ക്ക്

**ഭാഗ്യക്കുറി മേഖലയെ കരകയറ്റാനായുള്ള പരിഷ്കാരങ്ങൾ**

| ചോദ്യം<br>ശ്രീ. ഇ.പി.ജയരാജൻ<br>ശ്രീ. പി.വി. അൻവർ<br>ശ്രീ. പി. ഉണ്ണി<br>ശ്രീ. കെ.ജെ. മാക്സി | | മറുപടി<br>ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പമന്ത്രി) | |
|---|---|---|---|
| (എ) | നോട്ടുനിരോധനം തകർച്ചയിലാക്കിയ ഭാഗ്യക്കുറി മേഖലയെ കരകയറ്റാനായി നടത്തിയ പരിഷ്കാരങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ; | (എ) | എല്ലാ പ്രതിവാര ഭാഗ്യക്കുറി ടിക്കറ്റുകളുടെയും വില 30/- രൂപയാക്കി ഏകീകരിക്കുകയും സമ്മാനഘടനകൾ ആകർഷകമായി പരിഷ്കരിക്കുകയും ചെയ്തിട്ടുണ്ട്. ഇതു കൂടാതെ വിറ്റുവരവ് വർദ്ധിപ്പിക്കുന്നതിനായി പരസ്യചിത്രങ്ങൾ നിർമ്മിച്ച് പ്രമുഖ ടി.വി ചാനലുകളിലും സിനിമാ തീയേറ്ററുകളിലും പ്രദർശിപ്പിക്കുകയുണ്ടായി. പ്രമുഖ ദിനപത്രങ്ങൾ, എഫ്.എം. ചാനലുകൾ എന്നിവ വഴിയും പരസ്യം നൽകി വരുന്നു. |
| (ബി) | ചരക്ക സേവന നികുതി ഓർഡിനൻസ് പ്രകാരം 2005-ലെ കേരള ടാക്സ് ഓൺ പേപ്പർ ലോട്ടറീസ് ആക്റ്റ് റദ്ദായതിനാൽ ഇതരസംസ്ഥാന ഭാഗ്യക്കുറികളെ നിയന്ത്രിക്കാനായി പുതുതായി നിയമ നിർമ്മാണം നടത്തുമോ; സംസ്ഥാനത്ത് അനധികൃതമായി പ്രവർത്തനം ആരംഭിച്ച മിസോറാം ലോട്ടറി നിരോധിക്കാൻ എന്ത് മാർഗ്ഗമാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കുമോ; | (ബി) | കേന്ദ്ര ലോട്ടറി നിയന്ത്രണ നിയമത്തിന്റേയും ചട്ടങ്ങളുടേയും വ്യവസ്ഥകൾക്ക് വിധേയമായി മാത്രമേ സംസ്ഥാനത്ത് ലോട്ടറികൾ നടത്താനാകൂ എന്ന് എസ്.ജി.എസ്.ടി നിയമത്തിലും ചട്ടങ്ങളിലും കർശന വ്യവസ്ഥകൾ കൊണ്ടുവന്നിട്ടുണ്ട്.<br><br>ജി.എസ്.ടി യുടെ മറവിൽ മിസോറാം ലോട്ടറി, തങ്ങളുടെ വിതരണക്കാരായ M/s Teesta Distributors മുഖേന ചട്ടങ്ങൾ ലംഘിച്ച് വിൽപനയ്ക്കൊരുങ്ങിയതിനെ തുടർന്ന് പ്രസ്തുത നിയമലംഘനം കേന്ദ്ര ആഭ്യന്തര വകുപ്പിനെയും മിസോറാം സർക്കാരിനെയും അറിയിക്കുകയുണ്ടായി. അതുകൂടാതെ ലോട്ടറി നടത്തിപ്പിൽ പുതിയ നിയന്ത്രണങ്ങൾ, പരിശോധനകൾ എന്നിവ കൊണ്ടുവരുകയും സംസ്ഥാന ലോട്ടറി ഏജൻറുമാർ സംസ്ഥാന ഭാഗ്യക്കുറികൾ മാത്രമേ വിൽക്കാൻ പാടുള്ളൂ എന്നും നിയമവിധേയമല്ലാത്ത അന്യസംസ്ഥാന ടിക്കറ്റുകൾ വിൽക്കുന്ന പക്ഷം അവരുടെ ഏജൻസി റദ്ദ് |

| | | | |
|---|---|---|---|
| | | | ചെയ്യുന്നതുൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കുമെന്നും അറിയിപ്പ് നൽകിയിട്ടുണ്ട്.<br><br>അനധികൃതമായി കടത്തിക്കൊണ്ടുവന്ന മിസോറാം ലോട്ടറി ടിക്കറ്റുകൾ പിടിച്ചെടുക്കുകയും കേസ് രജിസ്റ്റർ ചെയ്യുകയും ചെയ്തു. സംസ്ഥാനം കേന്ദ്രത്തിന് നടപടി ആവശ്യപ്പെട്ട് കത്തയയ്ക്കുകയും ശക്തമായ പ്രതിഷേധം രേഖപ്പെടുത്തുകയും ചെയ്തതിനെത്തുടർന്ന് മിസോറാം സർക്കാർ അവരുടെ ലോട്ടറി സ്കീം കേരളത്തിൽ നിന്നും പിൻവലിച്ചിട്ടുണ്ട്. |
| **(സി)** | ഒറ്റ നമ്പർ ലോട്ടറികളെയും വ്യാജ ലോട്ടറികളെയും തടയുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കാമോ? | **(സി)** | ഒറ്റ നമ്പർലോട്ടറികളെയും, വ്യാജ ലോട്ടറികളെയും തടയുന്നതിനായി ഇൻറലിജൻസ് എ.ഡി.ജി.പി.യെ മേധാവിയാക്കി സംസ്ഥാനതല മോണിറ്ററിംഗ് സെല്ലും, ജില്ലകളിൽ ജില്ലാ കളക്ടർമാരെ മേധാവിയാക്കി ജില്ലാതല മോണിറ്ററിംഗ് സെല്ലുകൾക്കും രൂപം നൽകിയിട്ടുണ്ട്. ജില്ലാതല മോണിറ്ററിംഗ് സെല്ലുകൾ കൃത്യമായ ഇടവേളകളിൽ യോഗം ചേർന്ന് പ്രവർത്തനങ്ങൾ വിലയിരുത്തി ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് ആവശ്യമായ നിർദ്ദേശങ്ങൾ നൽകുന്നുണ്ട്. വകുപ്പിൽ ലഭിക്കുന്ന അനധികൃത ലോട്ടറി നടത്തിപ്പുമായി ബന്ധപ്പെട്ട പരാതികൾ പോലീസ് അന്വേഷണത്തിനായി സംസ്ഥാന തല മോണിറ്ററിംഗ് സെല്ലിന് കൈമാറി തുടർ നടപടികൾ സ്വീകരിക്കുന്നുണ്ട്.<br><br>കൂടാതെ നിലവിലുള്ള ബാർകോഡ്,സീക്രട്ട് കോഡ്, കടകുറ്റിയുമായി യോജിപ്പിക്കൽ എന്നീ സുരക്ഷാ സംവിധാനങ്ങൾക്ക് പുറമേ വ്യാജ ഭാഗ്യക്കുറി ടിക്കറ്റുകൾ തടയുന്നതിനായി Microprinting, Opaque text, guilloche, Relief printing എന്നീ സുരക്ഷാമാർഗ്ഗങ്ങൾ കൂടി ഉൾപ്പെടുത്തിയിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**